# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ




# എ.എൽ.പി സ്കൂൾ
# പുലാപ്പറ്റശ്ശേരി

ALP SCHOOL • PULAPPATTASSERI
SINCE 1924
തമസോമാ ജ്യോതിർഗമയ

## ആമുഖം

പൊതുവിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ ഉയർച്ചയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ സമഗ്രമായ മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികവുറ്റ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാനലക്ഷ്യം. സജീവമായ പി.ടി.എ, പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, വിവിധ ഏജൻസികൾ, ബി.ആർ.സി, പഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടെ ഈ വിദ്യാഭ്യാസ വർഷവും മികവിന്റെ പാതയിൽ തുടരാൻ എന്ന ഉദ്ദേശത്തോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# എ.എൽ.പി. സ്കൂൾ, പുലാപ്പറ്റക്കുശേരി.

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ അമ്പലപ്പാറ പഞ്ചായത്തിൽ 11-ാം വാർഡിൽ പുലാപ്പറ്റക്കുശേരിയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1924-ൽ ഉൾക്കുഴിയിൽ നാരായണൻകുട്ടി നായരുടെയും നാട്ടുകാരുടെയും കൂട്ടായ്മയുടെ ഫലമായാണ് ഈ വിദ്യാലയം തുടക്കം കൊണ്ടത്. ആദ്യകാലത്ത് കുറെ പ്രതിസന്ധികൾ നേരിടേണ്ടിവന്ന ഈ വിദ്യാലയം മൂന്ന് സ്ഥലങ്ങളിൽ നിന്ന് മാറി മാറി പ്രവർത്തിച്ച ശേഷമാണ് ഈ സ്ഥലത്ത് സ്ഥിരമായത്. ആദ്യകാലത്ത് ഈ പ്രദേശത്തെ ജനങ്ങൾക്ക് അറിവ് നേടാൻ ഏക ആശ്രയം ഈ സ്ഥാപനം ആയിരുന്നു. യു.പി ദേവകിയമ്മ മാനേജരും യു.പി. കുഞ്ഞുണ്ണി മാസ്റ്റർ ഹെഡ്മാസ്റ്ററായും ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. നിലവിൽ സുജിത്. സി മാനേജരായും വി. സതീഷ് മാസ്റ്റർ ഹെഡ്മാസ്റ്ററായും തുടരുന്നു.

1924-ൽ 1-5 വരെ ക്ലാസുകൾ ഉണ്ടായിരുന്നു. 1959-ൽ സർക്കാർ ഉത്തരവുപ്രകാരം 5-ാം ക്ലാസ് നിർത്തലാക്കി. പിന്നീട് 1-4 വരെ ക്ലാസുകൾ തുടർന്നുവരുന്നു. 1979- വരെ ഹിന്ദിടീച്ചറും ഒരു അറബി അധ്യാപകനും ഉണ്ടായിരുന്നു. പിന്നീട് അറബിക്

നഴ്സറിയും 1-4 വരെ ക്ലാസുകളുമായി നൂറിലധികം കുട്ടികൾ പഠിച്ചിരുന്ന ഈ വിദ്യാലയം കേവലം കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി. വിദ്യാലയം മെച്ചപ്പെടുത്തുന്നതിനായി 2011-12-ൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ചു. PTA യുടെ സഹായത്തോടെ വാഹന സൗകര്യവും ഏർപ്പെടുത്തി.

## ഭൗതികം - നേട്ടങ്ങൾ.

Pre-KER കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ നിലനിന്നിരുന്ന ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതകൾ PTA, Manager, വിവിധ വിദ്യാഭ്യാസ ഏജൻസികൾ, SSG, പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപകർ ഗവൺമെന്റ്, നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഒട്ടേറെ കാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 2024-25-ൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള പാചകപ്പുരയും സ്റ്റോർറൂമും നിർമ്മിച്ചു. 2024-25-ൽ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ-ഫണ്ട് ഉപയോഗിച്ച് വിശാലമായ മേൽക്കൂരയോടു കൂടിയ ഒരു സ്റ്റേജ് നിർമ്മിക്കാൻ കഴിഞ്ഞത് അഭിമാനകരമായ ഒരു നേട്ടമായി. ഉദാരമതികളുടെ വകയായി കുട്ടികളുടെ ഒരു പാർക്ക് നിർമ്മിച്ചിട്ടുണ്ട്.

# ഭൗതികം - നേട്ടങ്ങൾ.

Pre-KER കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ നിലവിലുള്ള അപര്യാപ്തതകൾ PTA, മാനേജ്മെന്റ്, വിവിധ വിദ്യാഭ്യാസ ഏജൻസികൾ, ഗവൺമെന്റ്, പൂർവ്വ വിദ്യാർത്ഥി സംഘടന, പഞ്ചായത്ത്, നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഏറെക്കുറെ പരിഹാരം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(1) ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് മേൽക്കൂരയോടുകൂടിയ ഒരു stage- നിർമ്മിക്കാൻ കഴിഞ്ഞു.

(2) കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ആധുനിക രീതിയിലുള്ള പാചകപ്പുര-കം- ബാത്ത്റൂം നിർമ്മിച്ചു.

(3) നവതി ആഘോഷങ്ങളോടനുബന്ധിച്ച് ഓഫീസ് റൂം സജ്ജീകരിച്ചു.

(4) ഗവൺമെന്റ് K-Fone ഇന്റർനെറ്റ് സേവനം സൗജന്യമാക്കിതന്നു.

(5) ക്ലാസ്സ് റൂമുകൾ ടൈൽസ് വിരിക്കാനും പെയിന്റ്, ചുമർ എന്നിവ നിർവ്വഹിച്ച് ആകർഷകമാക്കാൻ സാധിച്ചു.

(6) സ്മാർട്ട് ക്ലാസ്സ് — Laptop, Projector, Soundbox എന്നിവ ലഭിച്ചിട്ടുണ്ട്.

## ഭൗതികം - പരിമിതികൾ.

ഓഫീസ് സ്റ്റാഫ് റൂം, കമ്പ്യൂട്ടർലാബ് കമ്പ്യൂട്ടർ ലൈബ്രറി എന്നിവയ്ക്ക് വേണ്ടത്ര സൗകര്യമില്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ആകർഷകമായ രീതിയിൽ പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലം പുരൾ. നിർമ്മിക്കേണ്ടതുണ്ട്. എല്ലാം ക്ലാസുകളും ആധുനികവൽക്കരിക്കേണ്ടതുണ്ട്.

## അക്കാദമികം - നേട്ടങ്ങൾ.

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകർ, PTA, MPTA
- പാഠ്യേതരപ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടത്തുന്നു.
- കലാ-കായികപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- CPTA - കളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- LSS പരിശീലന ക്ലാസുകൾ നൽകുന്നു.
- പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമുള്ളവർക്ക് വ്യക്തിഗതസപ്പോർട്ട് നൽകുന്നു.
- മികച്ച പഠനാന്തരീക്ഷം. ഉറപ്പുവരുത്തുന്നു.

## അക്കാദമികം - പരിമിതികൾ

1. ബാലമാസികകൾ, ദിനപ്പത്രങ്ങൾ തുടങ്ങിയവ സ്കൂളിൽ ഉറപ്പുവരുത്തേണ്ടതാണ്.
2. പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ വിദ്യാഭ്യാസം പരിമിതപ്പെടുത്തുന്നു.
3. അടച്ചുറപ്പുള്ളതും വൈദ്യുതീകരിച്ചതുമായ ക്ലാസ് മുറികളുടെ അഭാവം സ്വാഭാവിക പഠനാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു.
4. കമ്പ്യൂട്ടർ ലാബിന്റെ കുറവ് ICT സാധ്യതകളുടെ ഉപയോഗത്തിൽ വേണ്ടത്ര ഫലപ്രദമാകുന്നില്ല.
5. പാഠ്യവിഷയങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര പിന്തുണ നൽകാൻ സാധിക്കുന്നില്ല.
6. കലാ-കായിക പരിശീലനത്തിന് അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.

## പൊതുലക്ഷ്യങ്ങൾ.

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പുവരുത്തൽ
- അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- "ഒരോ കുട്ടിയും ഒന്നാമനാണ്" എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിഗണനയും ലഭ്യമാക്കും.
- പരിസ്ഥിതി അവബോധം, മാലിന്യനിർമാർജന അവബോധം, ശുചിത്വാവബോധം, ലഹരിവിരുദ്ധ അവബോധം, എന്നിവ വളർത്തിയെടുക്കൽ.
- വായന പരിപോഷിപ്പിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ഇംഗ്ലീഷ് ഭാഷ - എഴുത്ത്, വായന എന്നിവ ICT - സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- കുട്ടികളുടെ പഠനമികവ് സമൂഹവുമായി പങ്കുവെക്കൽ.
- പൊതുസമൂഹത്തിന്റെ പിന്തുണയോടെയും അർത്ഥപൂർണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രമാക്കി മാറ്റൽ.

# ലക്ഷ്യങ്ങൾ

## ഭാഷാ വികാസം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
4. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
5. ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ ഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രക്രിയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
2. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. എല്ലാ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ICT സാധ്യതകൾ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉറപ്പുവരുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ആഴ്ചയിൽ ഒരു ദിവസം) | ശ്രീലത ടീച്ചർ. | |

പ്രവർത്തനം : 2
പേര് : അക്ഷരക്കൂടം
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറിയിലും വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്സും പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | Rs: 500 |

പ്രവർത്തനം : 3
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രറിയുടെ നിർമിതൽ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ. | Rs: 1990 |

പ്രവർത്തനം : 4
പേര് : പതിപ്പുകൾ
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിന് കഴിവ് നേടുക. | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്‌തല പതിപ്പുകൾ ഒരുക്കൽ | ജൂൺ മുതൽ മാർച്ച്. | ക്ലാസ് ടീച്ചർ. | Rs : 200 |

പ്രവർത്തനം : 5
പേര് : എന്റെ വായനാ കുറിപ്പുകൾ
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്ന്, നാല് ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (ചെറിയ ക്ലാസിൽ വായന കാർഡ്) | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 6
പേര് : കയ്യെഴുത്തു മാസികകൾ
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ. | Rs : 500 |

പ്രവർത്തനം : 7
പേര് : രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ വായിച്ചെഴുതൽ (3,4 ക്ലാസ്) | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 7
പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക
ഉപമേഖല : ആശയഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയവിനിമയ ശേഷി കൈവരിക്കാൻ | എല്ലാ ക്ലാസ്സിലെയും പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 9
പേര് : പാട്ടരങ്ങ്
ഉപമേഖല : ഭാഷാ സമൃദ്ധി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം പരിശീലിപ്പിക്കുന്നു. രാഗ താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച്. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 10
പേര്: റീഡേഴ്സ് തിയേറ്റർ
ഉപമേഖല: വായനാവളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയവും വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയ വായനയുടെ അവതരണം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം: 11
പേര്: ഭാഷോത്സവം
ഉപമേഖല: ഭാഷാ കാഴ്ചവത്ക്കരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, ~~കോല~~ ഭാഷാപോസ്റ്ററുകൾ എന്നിവ പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | Rs:500. |

പ്രവർത്തനം: 12
പേര്: അരങ്ങത്തേക്ക് (ബാലസഭ)
ഉപമേഖല: അവതരണശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയ മറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പ്രധാന അധ്യാപകൻ | |

പ്രവർത്തനം : 13
പേര് : പത്രവായന
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ, പൊതു വിവരങ്ങൾ എല്ലാം ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു. | മൂന്ന്, നാല് ക്ലാസിൽ ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | Rs : 250. |

പ്രവർത്തനം : 14
പേര് : നാടൻ കലാരൂപങ്ങൾ
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാരൂപങ്ങൾ അറിയുവാനും അതിൽ ഭാഗമാകുള്ള ആവിഷ്കാരങ്ങൾ കുട്ടികൾക്ക് അറിയുന്നതിനും. | ക്ലാസ് പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി കുട്ടികൾക്ക് മുൻപിൽ അവതരണത്തിനുള്ള സജ്ജീകരണ പ്രവർത്തനം നടത്തുന്നു. | ജൂൺ | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 15
പേര് : ~~[illegible]~~ രചന (ഡയറി)
ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി എഴുതുന്നതിനുള്ള കഴിവ്.<br><br>രചന മെച്ചപ്പെടുത്തുന്നതിന്. | എല്ലാ കുട്ടികൾക്ക് ക്ലാസ് അടിസ്ഥാനത്തിൽ സ്വന്തം രചനകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു.<br>ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ എഴുതുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : Reading card
ഉപമേഖല : വായനാ സാമഗ്രി .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ക്ലാസ് തിരിച്ച് അതാതു ക്ലാസ് അധ്യാപകർ ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ജൂൺ മുതൽ മാർച്ച് വരെ , | ക്ലാസ്സ് ടീച്ചർ. | Rs: 250. |

പ്രവർത്തനം : 2
പേര് : Work sheet work shop .
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഓരോ ക്ലാസ്സിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ . | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ഡയറി .
ഉപമേഖല : ലേഖനം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം. |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് കഴിവ്. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നത് . | ആഴ്ചയിൽ രണ്ട് ദിവസം ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ. | |

പ്രവർത്തനം: 4
പേര്: ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4)
ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചാർജ്ജ് | സാമ്പത്തിക വികസനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ. | |

പ്രവർത്തനം: 5
പേര്: Reading corner
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| സ്വതന്ത്ര വായന സജ്ജമാക്കുക. | ക്ലാസ്സ് തല വായനശാല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ. | Rs:500. |

പ്രവർത്തനം: 6
പേര്: Word picture game.
ഉപമേഖല: വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം. |
|---|---|---|---|---|
| സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജമാക്കുക. | ചിത്രം നൽകി അതിന്റെ ശരിയായ വാക്കുകൾ ചേർത്തു വെക്കുന്നതിനുള്ള കഴിവ്. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | Rs: 200 |

പ്രവർത്തനം: 7

പേര്: Reading cards

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം ഉച്ചരിക്കുന്നതിനുള്ള കഴിവ്. | കുട്ടികൾ സ്വരസൂചക ശബ്ദങ്ങളും അക്ഷരങ്ങളും എങ്ങനെ ഉച്ചരിക്കണമെന്ന് പഠിക്കുക ( | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | Rs: 200 |

# ഗണിതം

## പ്രവർത്തനം 1

പേര് :- ഗണിത വർക്ക്ഷീറ്റ്

ഉപമേഖല :- വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാം ക്ലാസ്സിലേയും യൂണിറ്റുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ. | ക്ലാസ്സ് ടീച്ചർ | Rs: 500. |

## പ്രവർത്തനം 2

പേര് :- ഗണിതകിറ്റ്

ഉപമേഖല :- ഗണിതകിറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഗണിതാശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക. | കുട്ടികൾക്ക് ഗണിതാശയവുമായി ബന്ധപ്പെട്ട ഗണിതോപകരണങ്ങൾ നിർമ്മിച്ച് സ്വന്തമായൊരു ഗണിതകിറ്റ് നിർമ്മാണം | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ | Rs: 500 |

## പ്രവർത്തനം 3

പേര് :- ഗണിതമധുരം

ഉപമേഖല :- ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ വളർത്തുവാൻ എല്ലാ കുട്ടികളെയും ആകർഷിക്കുന്നതിന് | സ്വതന്ത്രമായി ഇടപെടുന്നതിലൂടെ ഗണിതകളികൾ സജ്ജമാക്കൽ | 2025-26 ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം -4

പേര് :- യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല :- യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തൽ. പരിഹാരബോധനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-5

പേര് :- ഗണിതമൂല

ഉപരിവേല :- ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട്, ഉൻക്കിൽ(?), തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | Rs:500 |

പ്രവർത്തനം 6

പേര് :- ഗണിതോത്സവം

ഉപരിവേല :- ഗണിതപ്രവർത്തനങ്ങൾ അവതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം. |
|---|---|---|---|---|
| ഓരോ ക്ലാസിലും കുട്ടികൾ കൈവരിക്കേണ്ട ആശയങ്ങളും ധാരണകളും ലഭിച്ചുവെന്ന് ഉറപ്പാക്കൽ. | ഗണിതപാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്ത് കുട്ടികൾ വ്യക്തിപരമായി ഇഷ്ടപ്പെട്ട പ്രവർത്തനത്തിന്റെ അവതരണം. | ഫെബ്രുവരി, മാർച്ച് | ക്ലാസ്സ് ടീച്ചർ | Rs:500 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം - 1

പേര് :- വിവരവിനിമയം

ഉപമേഖല :- കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കേൾക്കാനും പുനരവതരിപ്പിക്കാനും ഉപയോഗിക്കാനുള്ള സാധ്യതകൾ. | IT, ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് (ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |

# പരിസരപഠനം

## പ്രവർത്തനം 1

പേര്:- എന്റെ പരീക്ഷണം

ഉപമേഖല:- ശാസ്ത്ര ബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര താൽപര്യം വളർത്തൽ, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ടവ കണ്ടെത്തി അവതരണം. കുറിപ്പ് തയ്യാറാക്കൽ (3,4 ക്ലാസ്) | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം-2

പേര്:- ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല:- ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ പ്രക്രിയശേഷികൾ വളർത്തൽ. | ഓരോ ക്ലാസ്സിലും പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ കാണിക്കുന്ന ശില്പശാല സംഘടിപ്പിക്കൽ (3, 4, ക്ലാസ്സുകൾ) | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3

പേര്:- പ്രകൃതിനടത്തം

ഉപമേഖല:- നിരീക്ഷണം, അറിവ്നേടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പരിസരത്തെക്കുറിച്ച് മനസ്സിലാക്കൽ. ചുറ്റുപാട് നിരീക്ഷിച്ച് പ്രാധാന്യം മനസ്സിലാക്കൽ. | എല്ലാ ക്ലാസ്സിലും പരിസരത്തെക്കുറിച്ചുള്ള അവബോധം വളർത്താൻ ചുറ്റുപാട് നിരീക്ഷിക്കൽ. | ജൂൺ | ക്ലാസ്സ് ടീച്ചർ | |